ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷം തോറും 5% വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. 2013-14 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ 85 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനെ നവീകരിച്ച് അൾട്രാ മോഡേൺ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ട്. അതിനുപുറമേ തിരുവനന്തപുരം സിറ്റിയിൽ സ്വിഫ്റ്റ് ആക്ഷൻ ടീം (SWAT) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം

137 (1842) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചത് ; ഏതു വർഷം ; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉണ്ടാവുക ; നിർമ്മാണച്ചുമതല ആർക്കായിരുന്നു; എന്നാണ് നിർമ്മാണം ആരംഭിച്ചത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കണം എന്നായിരുന്നു കരാർ ; നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കി ; വ്യക്തമാക്കുമോ ;

(സി) നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2012-ൽ 71 ലക്ഷം രൂപയാണ് റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. റാന്നി പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, ബി ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, വനിതാ സിവിൽ പോലീസ് ഓഫീസേഴ്സ് റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ. കെ.പി.എച്ച്.സി.സി.-യ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2012-ലാണ് ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10-1-2013-ൽ പൂർത്തിയാക്കാനാണ് കരാർ കാലാവധി. കരാറുകാരന് 11-3-2012-ന് വർക്ക് നൽകിയെങ്കിലും ടി കാലാവധിക്കുള്ളിൽ 65% പണികൾ മാത്രമേ ടിയാന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ വർക്കിന്റെ കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പണികൾ റീ-ടെണ്ടർ ചെയ്ത് തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്.

(സി) മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ് നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം. ആയതിനാൽ ഇപ്പോഴത്തെ കരാറുകാരൻ സമയ ബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ കെ.പി.എച്ച്.സി.സി. സ്വീകരിച്ച് വരികയാണ്.

തോക്ക് ലൈസൻസ്

138 (1843) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി എത്ര പേർക്ക് തോക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലൈസൻസ് ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) പുതിയ തോക്ക് ലൈസൻസ് നൽകുന്നതിനും പഴയവ പുതുക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി സംസ്ഥാനത്ത് 8191 ആയുധ ലൈസൻസുകൾ നിലവിലുണ്ട്.

(ബി)	തിരുവനന്തപുരം	310
	കൊല്ലം	190
	പത്തനംതിട്ട	480

LIBRARY ARCHIVES Kerala Legislative Assembly